**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3840** **09-10-2025 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങൾ കുറയ്ക്കുവാൻ മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ 2030-ഓടെ പകുതിയായി കുറയ്ക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പ്/ സ്ഥാപനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കിയതിന് ശേഷം നാറ്റ്പാക് ഒരു സമഗ്ര റോഡ് സുരക്ഷാ ആക്ഷൻ പ്ലാൻ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 2021-2030 വരെ റോഡ് സുരക്ഷാ കാലഘട്ടമായി പ്രഖ്യാപിക്കുകയും, 2030 ആകുമ്പോഴേയ്ക്കും ആഗോള റോഡ് അപകടങ്ങളിൽ മരണവും പരിക്കുകളും 50% കുറയ്ക്കുക എന്ന ലക്ഷ്യവും ഉദ്ദേശിക്കുന്നു. |
| (ബി) | ഈ പദ്ധതി പഠിച്ച് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | (ബി) | പ്രസ്തുത ആക്ഷൻ പ്ലാനിൽ മൾട്ടിമോഡൽ ഗതാഗതവും ഭൂവിനിയോഗ ആസൂത്രണവും സുരക്ഷിതമായ റോഡ് അടിസ്ഥാന സൗകര്യങ്ങൾ, സൂരക്ഷിതമായ വാഹനങ്ങൾ സുരക്ഷിതമായ റോഡ് ഉപയോഗം, അപകടാനന്തര പ്രതികരണം എന്നീ പ്രധാന മേഖലകൾ അടിസ്ഥാനമാക്കി നിർദേശങ്ങൾ നാറ്റ്പാക് സമർപ്പിച്ചിട്ടുണ്ട്. 25/06/2025 ന് സ്റ്റേക്ക് ഹോൾഡേഴ്സ് വകുപ്പുകളുമായി യോഗം ചേർന്ന് നാറ്റ്പാക് സമർപ്പിച്ച റോഡ് സുരക്ഷാ ആക്ഷൻ പ്ലാൻ ചർച്ച ചെയ്യുകയുണ്ടായി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത മാസ്റ്റർ പ്ലാനിലെ നിർദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവ എത്രത്തോളം നടപ്പിലാക്കാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത ആക്ഷൻ പ്ലാനിൽ മൾട്ടിമോഡൽ ഗതാഗതവും ഭൂവിനിയോഗ ആസൂത്രണവും സുരക്ഷിതമായ റോഡ് അടിസ്ഥാന സൗകര്യങ്ങൾ, സൂരക്ഷിതമായ വാഹനങ്ങൾ സുരക്ഷിതമായ റോഡ് ഉപയോഗം, അപകടാനന്തര പ്രതികരണം എന്നീ പ്രധാന മേഖലകൾ അടിസ്ഥാനമാക്കി നിർദേശങ്ങൾ നാറ്റ്പാക് സമർപ്പിച്ചിട്ടുണ്ട്. 25/06/2025 ന് സ്റ്റേക്ക് ഹോൾഡേഴ്സ് വകുപ്പുകളുമായി യോഗം ചേർന്ന് |

| | | | |
|---|---|---|---|
| | | | നാറ്റ്പാക് സമർപ്പിച്ച റോഡ് സുരക്ഷാ ആക്ഷൻ പ്ലാൻ ചർച്ച ചെയ്യുകയുണ്ടായി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ